# കൃഷിവകുപ്പിന്റെ നീക്കം നീര കർഷകരെ കണ്ണീരിലാഴ്ത്തുമെന്ന് ആക്ഷേപം

**സ്വന്തം ലേഖകൻ**



**കോഴിക്കോട്:** സംസ്ഥാന കൃഷിവകുപ്പ് മന്ത്രി നീരക്ക് വിലങ്ങ് തടിയാകുന്നതായി ആക്ഷേപം. സംസ്ഥാനത്തെ 58 ലക്ഷത്തോളം വരുന്ന കേരകർഷകരുടെ ചിരകാല സ്വപ്നമായ നീര യാഥാർത്ഥ്യമാക്കുന്നതിൽ കൃഷിവകുപ്പ് മന്ത്രിയുടെ നടപടികൾ വിലങ്ങ് തടിയാകുന്നുവെന്നാണ് പരക്കെ ആക്ഷേപമുയരുന്നത്. 18 വർഷത്തോളമായി പൂട്ടിക്കിടക്കുന്നതും സർക്കാറിന് കോടികളുടെ ബാധ്യതവരുത്തിവെച്ചതുമായ നാളികേര കോർപ്പറേഷനെ പൊടിതട്ടിയെടുത്ത് നീരക്കായി നീക്കിവെച്ച 15 കോടി രൂപ കൈമാറുന്നതിനായി കൃഷിവകുപ്പ് മന്ത്രിയുടെ ഒത്താശയോടെ നീക്കം നടക്കുന്നതായാണ് ആരോപണമുയരുന്നത്.

നീര യാഥാർത്ഥ്യമാക്കുന്നതിനായുള്ള ഊർജിത നീക്കം നടത്തിയത് നാളികേര വികസന ബോർഡാണ്. ഇടത്തട്ടുകാരുടെയും മദ്യലോബികളുടെയും ഇടപെടൽ ഇല്ലാതെ നീര സംഭരിക്കുന്നതിനായി 'ത്രീ ടയർ' സംവിധാനമൊരുക്കി സംസ്ഥാന സർക്കാറിന് വിശദമായ പദ്ധതി സമർപ്പിച്ചത് നാളികേര വികസന ബോർഡായിരുന്നു. വാർഡ് തലങ്ങളിൽ ഉത്പാദക സംഘങ്ങളും പഞ്ചായത്ത് തലത്തിൽ ഫെഡറേഷനുകളും സംസ്കരണവും വിപണനവും നടത്തുന്നതിന് ഉത്പാദകകമ്പനികളും രൂപീകരിച്ചുകൊണ്ടുള്ള സംവിധാനമാണ് ത്രീടയർ, ഇതിനായി 5084 ഉത്പാദകസംഘങ്ങളും 252 ഫെഡറേഷനും, 12 ഉത്പാദനകമ്പനികളും രൂപീകരിച്ചിട്ടുണ്ടെന്ന് നാളികേര കർഷകർ പറയുന്നു. 2013-14 ലെ ബജറ്റിൽ നീരസംസ്കരണ യൂണിറ്റുകൾ അരംഭിക്കുന്നതിനായി 10 ജില്ലകളിൽ ഉത്പാദകകമ്പനികൾക്ക് ഒന്നര കോടി രൂപവീതം 15 കോടി രൂപ നീക്കിവച്ചിരുന്നു. കൂടാതെ നാളീകേരവികസന ബോർഡിൽ അഫിലിയേറ്റ്ചെയ്ത ഫെഡറേഷനുകൾക്ക് നീര ടാപ്പ്ചെയ്യാനുള്ള അനുമതി പത്രവും നൽകിയിരുന്നു. എന്നാൽ ഈ സമയത്തൊന്നും രംഗത്തില്ലാതിരുന്ന കൃഷിവകുപ്പ് നീര യാഥാർത്ഥ്യമാകുമെന്ന് കണ്ടപ്പോൾ നാളികേര വികസന ബോർഡിനെ അവഗണിച്ച് നാളികേര കോർപ്പറേഷനെ കൂട്ടുപിടിക്കുവാനുള്ള നീക്കമാണ് ഇപ്പോൾ തർക്കത്തിന് വഴിവച്ചിരിക്കുന്നത്. ഇത് ഫലത്തിൽ നാളീകേര കർഷകരുടെ നീര സ്വപ്നത്തിന് മങ്ങലേൽപ്പിച്ച് കണ്ണുനീരിന് ഇടയാക്കിയിരിക്കുകയാണ്.

സർക്കാർ നീര ടാപ്പ് ചെയ്യാൻ അനുമതി നൽകിയിരിക്കുന്നത് നാളീകേരവികസന ബോർഡിന് കീഴിൽ രൂപീകരിച്ച പഞ്ചായത്ത് ഫെഡറേഷനുകൾക്കാണ്. ഒരു പഞ്ചായത്തിൽ നിന്ന് 1500 തെങ്ങ് ടാപ്പ് ചെയ്യണമെങ്കിൽ 150 നീര ടെക്നീഷ്യന്മാർ വേണം. ടാപ്പ് ചെയ്യുന്ന നീര പരമാവധി 25 കി.മീറ്ററിനുള്ളിലുള്ള സംസ്കരണ കേന്ദ്രത്തിലെത്തിക്കുകയും വേണം. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള മുഴുവൻ ഫെഡറേഷനുകളും ഇതിന് വേണ്ട സജ്ജീകരണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം സംവിധാനമൊന്നുമില്ലാത്ത നാളികേരള കോർപ്പറേഷന് എങ്ങിനെ നീര സംഭരിക്കാൻ കഴിയുമെന്ന ചോദ്യവും ഉയരുന്നുണ്ട്. നാളികേരവികസന ബോർഡിനെ അപ്രസക്തമാക്കി നാളികേര കോർപ്പറേഷനെ രൂപീകരിക്കാനുള്ള കൃഷിവകുപ്പ് മന്ത്രിയുടെ നീക്കം നീര ഇല്ലാതാക്കി കള്ള് ലോബിയെ സഹായിക്കാനാണെന്ന് ആക്ഷേപവുമുയരുന്നുണ്ട്. കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസ്ഡ് കമ്പനീസ് ഇൻ കേരള ഇത്തരം പ്രശ്നങ്ങൾ മുൻനിർത്തി പ്രക്ഷോഭത്തിനൊരുങ്ങുകയാണ്.